II- ഇ.ബി. XII- കേരള നിയമസഭ/ VIII-21

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2008 ജൂലായ് 23, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

71 (*631) ടൂറിസം ഡസ്റ്റിനേഷനുകൾക്ക് മാസ്റ്റർ പ്ളാൻ

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ടൂറിസം ഡസ്റ്റിനേഷനുകളുടെ സമഗ്രവും ശാസ്ത്രീയവുമായ വികസനത്തിനായി ടൂറിസ്റ്റുകളെ ആകർഷിക്കുന്ന പ്രകൃതിരമണീയവും പരിസ്ഥിതി പ്രാധാന്യവുമുള്ള സ്ഥലങ്ങൾ കണ്ടെത്തി അവിടെ സുസ്ഥിരമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയാണെന്ന് സഭയെ അറിയിച്ചു. ടൂറിസം വകുപ്പ് നേരിട്ടും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ മുഖേനയുമാണ് ഇത്തരത്തിലുള്ള പദ്ധതികൾക്ക് രൂപരേഖ തയ്യാറാക്കുന്നത്. ഇതിനായി സംസ്ഥാന പദ്ധതി വിഹിതവും കേന്ദ്ര സഹായവും ഉപയോഗിച്ചുവരുന്നു. ഇത്തരത്തിൽ വികസിപ്പിക്കുന്ന ഡസ്റ്റിനേഷനുകളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ യഥാസമയം ഇടപെടുന്നതിനും നടപടി സ്വീകരിക്കുന്നതിനു

മായി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ കീഴിൽ 'ഡസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ' രൂപീകരിക്കാൻ തീരുമാനി ച്ചിട്ടുണ്ട്. ഇവ ഡസ്റ്റിനേഷനുകളുടെ സുഗമമായ പരിപാലനത്തിന് സഹായക മായിരിക്കും. 2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്ട് പ്രകാരം പ്രത്യേക വിനോദസഞ്ചാര മേഖലകളായി പ്രഖ്യാപിക്കുന്ന കേന്ദ്രങ്ങൾക്കാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. പ്രസ്തുത കേന്ദ്രങ്ങളുടെ വികസനത്തിന് മാസ്റ്റർ പ്ളാൻ തയ്യാറാക്കുമ്പോൾ ആ പ്രദേശത്തിന്റെ പരിസ്ഥിതി, ഭൂമിയുടെ നിലവിലുള്ള ഉപയോഗം, ഭാവിയിൽ ആ പ്രദേശത്തെ ഉചിതമായ രീതിയിൽ എങ്ങനെ ഉപയോഗിക്കാം, പ്രകൃതിഭംഗിയും ചരിത്രപ്രാധാന്യവുമുള്ള സ്ഥലങ്ങളും സ്ഥാപനങ്ങളും കണ്ടെത്തി അവയെ എങ്ങനെ സംരക്ഷിക്കാം, ഈ സ്ഥലങ്ങളിലേയ്ക്ക് വിനോദസഞ്ചാരികൾക്ക് എത്തിച്ചേരാനുള്ള പാതകളും റോഡുകളും എങ്ങനെ മെച്ചപ്പെടുത്താം, തദ്ദേശവാസികൾക്ക് ഈ പദ്ധതി കൾമൂലമുണ്ടാകുന്ന സാമൂഹികവും ധനപരവുമായ നേട്ടങ്ങൾ എന്നീ വിഷയ ങ്ങളാണ് പരിഗണിക്കുന്ന മുഖ്യ ഘടകങ്ങൾ. ആദ്യഘട്ടത്തിൽ മൂന്നാർ, കോവളം, കുമരകം, ഫോർട്ട് കൊച്ചി എന്നീ ഡസ്റ്റിനേഷനുകൾക്കാണ് മാസ്റ്റർ പ്ളാൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നത്. അതാത് കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും ബ്യൂട്ടിഫിക്കേഷനുമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശി ക്കുന്നത്. സംസ്ഥാനത്തെ ഉൾനാടൻ ഗ്രാമപ്രദേശങ്ങളിലെ അറിയപ്പെടാത്ത കേന്ദ്രങ്ങളെ ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിക്കാനായി 'എന്റെ ഗ്രാമം ടൂറിസം ഗ്രാമം' പദ്ധതിക്ക് സർക്കാർ രൂപം കൊടുത്തിട്ടുണ്ട്; ഇതിന്റെ ഭാഗമായി തദ്ദേശഭരണസ്ഥാപനങ്ങൾ ആവശ്യമായ പദ്ധതികൾ സമർപ്പിച്ചാൽ

സംസ്ഥാന ഗവണ്മെന്റ് സാമ്പത്തികസഹായം നൽകുന്നതാണ്. തൃക്കരിപ്പൂർ മണ്ഡലത്തിലെ വലിയപറമ്പ് ഒരു ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ടൂറിസ്റ്റ് കേന്ദ്രങ്ങളെ ആകർഷകമാക്കാൻ ആധുനികസംവിധാനങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ച് റാണിപുരത്ത് റോപ്പ് വേ സ്ഥാപിക്കുന്ന കാര്യം ആലോചിക്കുന്നതാണ്. ടൂറിസം കേന്ദ്രങ്ങളിലുണ്ടാകുന്ന മാലിന്യപ്രശ്നം പരിഹരിക്കാനായി എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും മാലിന്യ സംസ്കരണ പ്ളാന്റ് സ്ഥാപിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. എടയ്ക്കൽ ഗുഹ, പടിഞ്ഞാറേത്തറ, ബാണാസുരസാഗർ എന്നീ പ്രദേശങ്ങളിലെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വയനാട് ജില്ലയിലെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവണ്മെന്റിൽ സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് സാമ്പത്തികസഹായം നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ടൂറിസം മേഖലയിൽ പ്രധാനപ്പെട്ട പങ്കു വഹിക്കുന്ന ലൈഫ് ഗാർഡുമാരെ എങ്ങനെ സ്ഥിരപ്പെടുത്താൻ സാധിക്കും എന്നുള്ളത് പരിശോധിക്കേണ്ടതാണ്. അവർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്. സംസ്ഥാനത്ത് ടൂറിസം വികസനത്തിനുള്ള പ്രധാന മാർഗ്ഗം സ്വകാര്യപങ്കാളിത്തം കൂടി ഉപയോഗിക്കുക എന്നുള്ളതാണ്. ഗ്രാമതലത്തിൽ ടൂറിസം വികസിപ്പിക്കുന്നതിനായി പ്രത്യേകമായ പ്രോജക്ടുകൾ നൽകിയാൽ ആ പ്രദേശത്തിന്റെ സാധ്യതകൾ കൂടി കണക്കിലെടുത്ത് സ്വകാര്യ സംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതാണ്. കുമരകത്തിനുവേണ്ടി തയ്യാറാക്കുന്ന മാസ്റ്റർ പ്ളാനിൽ തിരുവാർപ്പ്, നാട്ടകം എന്നീ പ്രദേശങ്ങളെ ഉൾപ്പെടുത്തുന്നതോടൊപ്പം അവിടെ ഒരു വാക് വേ നിർമ്മിക്കാനുള്ള നിർദ്ദേശം കൂടി പരിഗണിക്കുന്നതാണ്. കേരളത്തിലെ

ടൂറിസ്റ്റുകളെ ആകർഷിക്കുന്ന ഒരു പ്രധാനപ്പെട്ട ഘടകമായ കനാൽ ടൂറിസവും പിൽഗ്രിം ടൂറിസവും ഉൾപ്പെടുത്തി ഒരു പ്രത്യേക പാക്കേജ് തയ്യാറാക്കുന്ന കാര്യം ഗവണ്മെന്റ് പരിഗണിക്കുന്നതാണ്. പൂത്തോട്ട കായലിനെ കായൽടൂറിസത്തിന്റെ ഭാഗമായി സംരക്ഷിക്കുന്നതിനായി പ്രത്യേക പ്രോജക്ട് നൽകിയാൽ ആലോചിക്കുന്നതാണ്. വിദേശ ടൂറിസ്റ്റു കളേയും ആഭ്യന്തര ടൂറിസ്റ്റുകളേയും ഒരുപോലെ ആകർഷിക്കുന്ന വള്ളംകളി ടൂറിസ്റ്റ് സീസൺ കണക്കാക്കി പ്രായോഗികമായി എതു മാസത്തിലേയ്ക്ക് മാറ്റാൻ സാധിക്കുമെന്നത് തീരുമാനിക്കേണ്ട കാര്യമാണ്. ഓരോ പ്രദേശ ത്തിന്റെയും പ്രത്യേക സാധ്യതകൾ കണക്കിലെടുത്ത് ഈ കാര്യത്തിൽ ഒരു തീരുമാനം എടുക്കുന്നതാണ്. കുന്നത്തുനാട് മണ്ഡലത്തിലെ കടപ്രയാറിനെ ടൂറിസം കേന്ദ്രമായി പ്രഖ്യാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളുടെ വികസനത്തിനും രണ്ടു-മൂന്നു ചെറിയ ടൂറിസം കേന്ദ്രങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സർക്യൂട്ടുകളുടെ വികസനത്തിനും വേണ്ടിയാണ് കേന്ദ്ര ഗവണ്മെന്റ് സാമ്പത്തിക സഹായം നൽകിവരുന്നത്. അടൂരിന്റെ പ്രത്യേകതകൾ കണക്കാക്കി മണ്ണടി, പെരിങ്ങനാട് തുടങ്ങിയ സ്ഥലങ്ങളെ കൂട്ടിച്ചേർത്ത് ടൂറിസം സർക്യൂട്ട് രൂപീകരിക്കുന്ന കാര്യം ഗവണ്മെന്റ് പരിശോധിക്കുന്നതാണ്. വ്യക്തമായ ഒരു പ്രോജക്ട് സമർപ്പിച്ചാൽ താമരക്കുളത്തെ വയ്യാങ്കര ശുദ്ധജലതടാകത്തെ ബോട്ടിംഗ് സൗകര്യത്തോടുകൂടി ടൂറിസം പദ്ധതിയിലുൾപ്പെടുത്തുന്ന കാര്യം ആലോചി ക്കുന്നതാണ്. വാഗമണിൽ പാരാ ഗ്ലൈഡിംഗിന്റെ സാധ്യതകൾ ഉപയോഗ പ്പെടുത്തുന്നതിനായി വനംവകുപ്പും ടൂറിസം വകുപ്പുമായി ആലോചിച്ച് ഗവണ്മെന്റ് തലത്തിൽ ഒരു തീരുമാനം കൈക്കൊള്ളുന്നതാണ്. ടൂറിസം ഡസ്റ്റി നേഷനുകളിൽ പദ്ധതി തയ്യാറാക്കുമ്പോൾ എൻജിനീയറിംഗ്/ആർക്കി

ടെക്ചർ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മറ്റ് വകുപ്പുകളുടെ സേവനമാണ് ഇപ്പോൾ ഉപയോഗിച്ചു വരുന്നത്. ഈ സംവിധാനത്തിൽ ഒരു മാറ്റം വരുത്തുന്നതിന്റെ ഭാഗമായി എൻജിനീയറിംഗ് മേഖലയിലെ വൈദഗ്ദ്ധ്യം ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ ഒരു പുതിയ സംവിധാനം ഘട്ടംഘട്ടമായി ടൂറിസം വകുപ്പിൽ നടപ്പാക്കുന്നതാണ്. വിവിധ ഡിപ്പാർട്ട്മെന്റുകളുടെ കോ-ഓർഡിനേഷനോടുകൂടിയാണ് ടൂറിസം വികസന പദ്ധതികൾ നടപ്പാക്കുന്നത്. അതിന്റെ ഭാഗമായി സംസ്ഥാന വൈദ്യുതി വകുപ്പിന്റെ കീഴിൽ വരുന്ന പ്രോജക്ടുകളെ ഉൾപ്പെടുത്താനുള്ള സാധ്യത പരമാവധി ഉപയോഗിക്കുന്നുണ്ട്. സുരക്ഷിതത്വ ഭീഷണിയില്ലാത്ത വിധത്തിൽ ഇടുക്കി ആർച്ച് ഡാമിനെ ഹൈഡൽ ടൂറിസവുമായി ബന്ധപ്പെടുത്തുന്ന കാര്യം ഗവണ്മെന്റ് പരിശോധിക്കുന്നതാണ്. കേന്ദ്ര സഹായത്തോടെ ചില പദ്ധതികൾക്ക് അതിരപ്പിള്ളിയിൽ തുടക്കം കുറിച്ചിട്ടുണ്ട്. ഇതിൽ വന്നിട്ടുള്ള ചില തടസ്സങ്ങൾ വനം വകുപ്പുമായി ആലോചിച്ച് മാറ്റാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. സംസ്ഥാനത്തിനകത്തുള്ള ടൂറിസം കേന്ദ്രങ്ങളെ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്താനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ടൂറിസം ക്ളബ്ബുകളുണ്ടാക്കിയിട്ടുണ്ട്. ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കാനായി ചെലവു കുറഞ്ഞ ബഡ്ജറ്റ് ഹോട്ടലുകൾ ആരംഭിക്കുന്ന കാര്യവും ഗവണ്മെന്റിന്റെ പരിഗണനയിലുണ്ട്. മുഴുപ്പിലങ്ങാട് ഡ്രൈവിംഗ് ബീച്ചും ധർമ്മടം തുരുത്തും പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളായി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അവിടെ കെ.റ്റി.ഡി.സി.-യുടെ ഒരു ഹോട്ടൽ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന ഗവണ്മെന്റ് മുൻകയ്യെടുത്ത് കേന്ദ്ര സഹായത്തോടുകൂടി നടപ്പിലാക്കുന്ന മംഗലം ഡാം ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കാനുള്ള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ജലസേചന

ത്തിനുവേണ്ടിയുള്ള ഡാമായതുകൊണ്ട് ജലസേചന വകുപ്പിനെ പ്രസ്തുത പണി ഏൽപ്പിച്ചിരിക്കുകയാണ് കേന്ദ്ര-സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥന്മാർ സംയുക്തമായി കഴിഞ്ഞ ദിവസം പരിശോധന നടത്തി; നടപടികൾ ത്വരിത പ്പെടുത്താൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. വേണ്ടത്ര ടൂറിസ്റ്റുകളെ ആകർഷിക്കാൻ പറ്റാത്ത സ്ഥലങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത പ്രദേശത്തും സ്ഥാപിച്ച മോട്ടലുകൾ പലതും ഇപ്പോൾ അടഞ്ഞുകിടക്കുന്നത് സംബന്ധിച്ച് ഗവണ്മെന്റ് പ്രത്യേകമായി പരിശോധന നടത്തുന്നതാണ്. കൊല്ലത്ത് പുതിയ ടൂറിസം പദ്ധതികൾ ഏറ്റെടുക്കാൻ നടപടികൾ സ്വീകരി ച്ചിട്ടുണ്ട്. തെയ്യം, പുലികളി തുടങ്ങിയ നാടൻകലകൾ ഉൾപ്പെടുത്തിക്കൊണ്ട് വിനോദസഞ്ചാരികളെ ആകർഷിക്കാൻ കഴിയുന്ന തരത്തിൽ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. . ഇതിന്റെ ഭാഗമായി 'ഉൽസവ്' എന്ന പേരിൽ ഒരു പരിപാടി കഴിഞ്ഞ വർഷം 200 കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചിട്ടുണ്ട്; അത് കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണെന്ന് ഒരു ഉപചോദ്യ ത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

72 (*632) വൈദ്യുതി പ്രതിസന്ധി

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ.ബാലൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തുണ്ടായിട്ടുള്ള വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടെന്ന് സഭയെ അറിയിച്ചു. ഇതിനായി ഛത്തീസ്ഗഡ്, ത്രിപുര, തമിഴ്നാട്, ആന്ധ്രാപ്രദേശ്, പശ്ചിമബംഗാൾ, ഹിമാചൽപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും 5.55 രൂപ മുതൽ 8.05 രൂപ വരെ നിരക്കിൽ കേന്ദ്ര സർക്കാർ നിയന്ത്രണത്തി

ലുള്ള എൻ. ടി. പി. സി. വിദ്യുത് വ്യാപാർ നിഗം ലിമിറ്റഡ്, പവർ ട്രേഡിംഗ് കോർപ്പറേഷൻ എന്നിവ വഴി ദിവസേനയുള്ള ആവശ്യകത കണക്കാക്കി വൈദ്യുതി വാങ്ങുന്നതിന് ധാരണയായിട്ടുണ്ട്. സംസ്ഥാനത്തുണ്ടായിട്ടുള്ള വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി 2008 മേയ് 20 മുതൽ ജൂൺ 15 വരെ യൂണിറ്റൊന്നിന് 6 രൂപ നിരക്കിൽ 15.7475 ദശലക്ഷം യൂണിറ്റ് വൈദ്യുതി പീക്ക് സമയത്ത് (വൈകുന്നേരം 5 മണി മുതൽ രാത്രി 11 മണി വരെ) പഞ്ചാബിൽ നിന്നും കേന്ദ്ര സർക്കാർ പൊതുമേഖലാസ്ഥാപനമായ എൻ. ടി. പി. സി. വിദ്യുത് വ്യാപാർ നിഗം ലിമിറ്റഡ് (NVVN) മുഖേന വാങ്ങി യിട്ടുണ്ട്. കൂടാതെ 16-06-08 മുതൽ 30-06-08 വരെ തിരിച്ചു കൊടുക്കാ മെന്ന വ്യവസ്ഥയിൽ (സ്വാപ്പ് സംവിധാനത്തിൽ) കേന്ദ്ര പൊതുമേഖലാസ്ഥാ പനമായ എൻ. വി. വി. എൻ. മുഖേന പീക്ക് സമയത്ത് 11.85 ദശലക്ഷം യൂണിറ്റ് വൈദ്യുതി പഞ്ചാബിൽ നിന്നും, 20-06-08 മുതൽ 23-06-08 വരെ 1.2 ദശലക്ഷം യൂണിറ്റ് വൈദ്യുതി കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാനമായ എൻ. വി. വി. എൻ മുഖേന മദ്ധ്യപ്രദേശിൽ നിന്നും വാങ്ങിയി ട്ടുണ്ട്. ജൂലായ് മാസത്തിൽ 17 -ാം തീയതി വരെ യൂണിറ്റിന് 7.07 രൂപ നിര ക്കിൽ ഛത്തീസ്ഗഡിൽ നിന്ന് കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള പവർ ട്രേഡിംഗ് കോർപ്പറേഷൻ വഴി 3.4 ദശലക്ഷം യൂണിറ്റും കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള പവർ ട്രേഡിംഗ് കോർപ്പറേഷൻ മുഖേന ഇന്ത്യൻ എനർജി എക്സ്ചേഞ്ചിൽ നിന്നും യൂണിറ്റിന് 7.60 രൂപ മുതൽ 8.30 രൂപ വരെ നിരക്കിൽ 10.5 ദശലക്ഷം യൂണിറ്റും വാങ്ങിയിട്ടുണ്ട്. കായംകുളത്തെ

എൻ. ടി. പി. സി. നിലയം, കൊച്ചിയിലെ ബി. എസ്. ഇ. എസ്. നിലയം, കാസർകോട്ടെ ഡീസൽ നിലയം എന്നിവയിൽ നിന്നും യൂണിറ്റിന് 8.74 രൂപ മുതൽ 12.40 രൂപ വരെ നിരക്കിൽ മൊത്തം 283 ദശലക്ഷം യൂണിറ്റ് വൈദ്യുതി 2008 മെയ് 20 മുതൽ ജൂലായ് 17 വരെ വാങ്ങിയിട്ടുണ്ട്. സതേൺ ഗ്രിഡിൽ നിന്നും ഷെഡ്യൂൾ ചെയ്യാതെ ഓവർഡ്രോ ചെയ്ത് എ.ബി.ടി. നിരക്കിൽ യൂണിറ്റിന് 6.60 രൂപ മുതൽ 8.88 രൂപ വരെ വിലയ്ക്ക് 193.5 ദശലക്ഷം യൂണിറ്റ് വൈദ്യുതി വാങ്ങി. ഇങ്ങനെ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങിയതും സംസ്ഥാനത്തിനകത്തെ താപനിലയങ്ങളിൽ നിന്ന് വാങ്ങിയതും ഷെഡ്യൂൾ ചെയ്യാതെ ഓവർഡ്രോ ചെയ്തതും അടക്കം ഉദ്ദേശം 450 കോടി രൂപയുടെ വൈദ്യുതി ആണ് 2008 മേയ് 20 മുതൽ ജൂലായ് 17 വരെ വാങ്ങിയിട്ടുള്ളത്. മറ്റു സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന വൈദ്യുതിക്ക് ഉപഭോക്താക്കളിൽ നിന്നും സെസ്സ് പിരിക്കണമെന്ന നിർദ്ദേശം നടപ്പാക്കിയിട്ടില്ല. വൈദ്യുതി പ്രതിസന്ധി രൂക്ഷമായതിനുശേഷം വൈദ്യുതി ബോർഡിന്റെ പ്രതിദിന അധിക സാമ്പത്തിക ബാദ്ധ്യത ശരാശരി ഏഴ് കോടി രൂപയാണ്. ഈ അധിക ബാദ്ധ്യത താങ്ങാൻ കഴിയാത്ത സാഹചര്യത്തിൽ വൈദ്യുതി ബോർഡ് കേരള സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന് മുന്നിൽ ഒരു പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. പൊതു തെളിവെടുപ്പിന്റെ കൂടി അടിസ്ഥാനത്തിൽ പ്രത്യേകം സർചാർജ്ജ് ഏർപ്പെടുത്തുന്ന കാര്യം വൈദ്യുതി റഗുലേറ്ററി കമ്മീഷൻ തീരുമാനമെടുക്കേണ്ടതുണ്ട്. സബ്സിഡി നൽകുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല. മഴ

ക്കാലത്ത് ലഭ്യമാകുന്ന അധികജലം, ഓവർഫ്ളോ ആകുന്ന വെള്ളം എന്നിവ ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി, ഓഫ് പീക്ക് സമയത്ത് ഉപയോഗിക്കാത്ത വൈദ്യുതി എന്നിവയുൾപ്പെടെ ആകെ 1540 കോടി രൂപയുടെ വൈദ്യുതി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിൽപ്പന നടത്തിയിട്ടുണ്ട്. ഇപ്പോൾ ലോഡ്ഷെഡ്ഡിംഗ് പ്രഖ്യാപിച്ചശേഷം വൈദ്യുതി വിറ്റിട്ടില്ല. എൽ.ഡി. എഫ്. ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം ജൂൺ മുതൽ ഡിസംബർ വരെയുള്ള മഴക്കാലത്ത് മാത്രമേ വൈദ്യുതി വിൽപ്പന നടന്നിട്ടുള്ളൂ. 2008 ജൂൺ 1-ലെ കണക്കുപ്രകാരം 736 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളം സംഭരിച്ചിട്ടുണ്ട്. ശാസ്ത്രീയമായി വാട്ടർ മാനേജ്മെന്റ് നടത്തി വെള്ളം ശേഖരിച്ചതിന്റെ ഫലമായിട്ടാണ് വൈദ്യുതി വിൽപ്പനയിലൂടെ ചരിത്രത്തിലാദ്യമായി കെ.എസ്.ഇ.ബി.-ക്ക് 1540 കോടി രൂപയുടെ റവന്യൂ വരുമാനമുണ്ടായത്. ഇപ്പോൾ വൈദ്യുതിക്ഷാമം പരിഹരിക്കാൻ പുറത്ത് നിന്ന് കൂടുതൽ കാശു കൊടുത്ത് വാങ്ങിയ വൈദ്യുതിയുടെ ബാധ്യത ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ചിട്ടില്ല. വൈദ്യുതി മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാനായി ദീർഘകാലാടിസ്ഥാനത്തിൽ ശക്തമായ നടപടികൾ എടുത്തിട്ടുണ്ട്. 2000 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള വൈദ്യുത പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. ആയിരം മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കൽക്കരി നിലയം ഒറീസ്സയിൽ സ്ഥാപിക്കാൻ നടപടി എടുത്തിട്ടുണ്ട്. ചെങ്കുളം-പള്ളിവാസൽ പദ്ധതിയുമായി ബന്ധപ്പെട്ട നവീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. നേരിയമംഗലത്ത് 25 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഒരു പദ്ധതി ആരംഭിച്ചു. സംസ്ഥാനത്തെ വൈദ്യുതിക്ഷാമം പരിഹരിക്കാൻ വൻമുതൽമുടക്കില്ലാത്ത ചെറുകിട ജല

സേചനപദ്ധതികൾക്കെതിരെ തടസ്സവാദങ്ങളുയർന്ന് വന്നിരിക്കുന്നതിനാൽ അവ നടപ്പാക്കാൻ കഴിയുന്നില്ല എന്നതാണ് വസ്തുത. കേന്ദ്ര സർക്കാരും വനം വകുപ്പും റിവർ വാലി എക്സ്പെർട്ട് കമ്മിറ്റിയും അംഗീകരിച്ച അതിര പ്പിള്ളി പദ്ധതി ഇപ്പോഴും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഒരു ടൺ നാഫ്തയുടെ വില ഇന്ന് 63,000 രൂപയായി വർദ്ധിച്ചതിന്റെ ഫലമായി കായംകുളത്തു നിന്നും നാഫ്ത ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി യൂണിറ്റൊന്നിന് 12.40 രൂപയ്ക്കാണ് വാങ്ങുന്നത്. കേന്ദ്രസർക്കാർ ഇന്ധനവില വർദ്ധിപ്പിച്ചാൽ സ്വാഭാവികമായും അത് താരിഫിൽ പ്രതിഫലിക്കും. വൈദ്യുതി താരിഫ് വർദ്ധനവുമായി ബന്ധപ്പെട്ട് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വൈദ്യുതി റഗുലേറ്ററി കമ്മീഷന് നൽകിയ നിവേദനത്തിനുമേൽ ഇതുവരെ ഫൈൻഡിംഗ്സ് ആയിട്ടില്ല. ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിൽ ഒരു യൂണിറ്റിന് ഈടാക്കുന്ന വൈദ്യുതി ചാർജ്ജിൽ നിന്ന് ഒരു പൈസപോലും അധികം ഈ സംസ്ഥാനത്ത് ഈടാക്കുന്നതല്ല. സംസ്ഥാനത്താകെ നിരന്തര മായുണ്ടാകുന്ന വൈദ്യുതി വിതരണത്തിലെ തകരാർ പരിഹരിക്കുന്നതിനു വേണ്ടി വൈദ്യുതി വിതരണ രംഗവുമായി ബന്ധപ്പെട്ട് 1800 കോടി രൂപയുടെ ഒരു പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. ഏതെല്ലാം സ്രോതസ്സുകളു പയോഗപ്പെടുത്തിക്കൊണ്ട് പരമാവധി വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴി യുമോ അതെല്ലാം നടപ്പാക്കാനാണ് ഗവണ്മെന്റ് ശ്രമിക്കുന്നത്. ഈ ഗവ ണ്മെന്റ് അധികാരത്തിൽ വന്നശേഷം കാറ്റിൽ നിന്ന് 23 മെഗാവാട്ട് വൈദ്യുതി ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടങ്കുളം ആണവ വൈദ്യുതി നില യത്തിൽ നിന്ന് കേരളത്തിന് അനുവദിക്കപ്പെട്ട വൈദ്യുതി കൊണ്ടുവരുന്നതി നായി സ്ഥാപിച്ച ലൈനിലുള്ള തടസ്സം ഒഴിവാക്കാനായി മുഖ്യമന്ത്രിയുടെ

നേതൃത്വത്തിൽ രണ്ടു പ്രാവശ്യം യോഗം വിളിച്ചിട്ടുണ്ട്. 266 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കാവുന്ന പ്രസ്തുത പദ്ധതി കേരളത്തിന് നഷ്ടമാകാതിരിക്കാൻ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ സഹകരണം ആവശ്യമാണ്. മലബാർ മേഖലയുടെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനായി കണ്ണൂർ പവർ പ്രോജക്ട് സ്ഥാപിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും ഊർജ്ജ സംരക്ഷണത്തിനുമായി കാർബൺ ഗ്രിഡ് ഉപയോഗപ്പെടുത്തിക്കൊണ്ട് 'ബചത് ലാമ്പ് യോജന' എന്ന പേരിൽ 15 രൂപ വച്ച് രണ്ട് സി.എഫ്.എൽ. ബൾബ് ഓരോ ഉപഭോക്താവിനും കൊടുക്കാനുള്ള ഒരു പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. ഇതിനായി കേന്ദ്ര സർക്കാർ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി എന്ന നോഡൽ ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

73 (*633) <u>ടൂറിസം ഇൻഫ്രാസ്ട്രക്ചർ വികസന കോർപ്പറേഷൻ രൂപീകരണം</u>

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ടൂറിസം മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ടൂറിസം ഇൻഫ്രാസ്ട്രക്ചർ വികസന കോർപ്പറേഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ടൂറിസം മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ടൂറിസ്റ്റ് റിസോർട്ട് കേരള ലിമിറ്റഡ് (TRKL) എന്ന പേരിൽ ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ നിലവിലുള്ള ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിപുലീകരിച്ച് പ്രസ്തുത കോർപ്പറേഷനെ ടൂറിസം മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായുള്ള 'കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ഇൻവെസ്റ്റ്മെന്റ് കമ്പനി ലിമിറ്റഡ്'

എന്ന ഒരു സ്ഥാപനമാക്കി മാറ്റാനുള്ള പദ്ധതി പരിഗണനയിലുണ്ട്. ഇതിനായി ടൂറിസ്റ്റ് റിസോർട്ട് കേരള ലിമിറ്റഡിന്റെ മെമ്മോറാണ്ടം & ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ നടപടി എടുത്തു വരുന്നു. ടൂറിസം മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായിട്ടുള്ള പദ്ധതികൾക്ക് ആവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുക, വിവിധ ഏജൻസികളിൽ നിന്നും ടൂറിസം മേഖലയിൽ ലഭിക്കുന്ന സാമ്പത്തിക സഹായം കിട്ടാൻ സഹായിക്കുക, ടൂറിസം രംഗത്ത് പുതുതായി വരുന്ന സ്വകാര്യ/പൊതുമേഖലാ സംരംഭകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുക തുടങ്ങിയ നിരവധി ലക്ഷ്യങ്ങളാണ് ഈ കോർപ്പറേഷൻ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. സ്വകാര്യ സംരംഭകർ നടത്തുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കൂടി ഈ പദ്ധതിയുടെ ഭാഗമാക്കുന്ന കാര്യം ആലോചിക്കുന്നതാണ്. ടൂറിസം മേഖലയുടെ വികസനത്തിന് അത്യന്താപേക്ഷിതമായ ഹെലികോപ്റ്റർ സർവ്വീസും സീ-പ്ളെയിൻ സർവ്വീസും സംസ്ഥാന സർക്കാരിന് നേരിട്ട് നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ പുതിയതായി രൂപീകരിക്കുന്ന സ്ഥാപനം വഴിയോ സ്വകാര്യ സംരംഭമായിട്ടോ നടപ്പാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. കേന്ദ്ര സഹായത്തോടെ ആരംഭിക്കുന്ന ഇന്റർനാഷണൽ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ആദ്യ ബാച്ച് ആഗസ്റ്റ് 4-ന് ആരംഭിക്കുന്നതാണ്. അവിടെ മറ്റു സാഹചര്യങ്ങൾ കൂടി ഉപയോഗപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ കൊടുക്കുന്നതാണ്. ബീച്ച് ഫെസ്റ്റിവലിന് കൂടുതൽ പ്രാധാന്യവും പ്രചാരവും കൊടുക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട 634 മുതൽ 660 വരെയുള്ള (27) ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 5095 മുതൽ 5327 വരെയുള്ള ചോദ്യങ്ങളിൽ 142 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)